
ഒരു മിന്നൽ പോലെ
A Digital Magazine of
St. Sebastian's H.S.S, Palluruthy

# ഒരു മിന്നൽ പോലെ

## ഡിജിറ്റൽ മാഗസിൻ 2018-2019

## സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എച്ച്. എസ്., പള്ളുരുത്തി

### ഒരു ലിറ്റൽ കൈറ്റ്സ് സംരംഭം



# Contents

സന്ദേശം....................................................................................................4
എഡിറ്റോറിയൽ..........................................................................................5
സമയം........................................................................................................6
നീയും...... ഞാനും.....................................................................................7
ഫുട്ബോൾ ക്വിസ്.....................................................................................8
കടംകഥകൾ...............................................................................................9
ചിന്ത.........................................................................................................11
ഗുരു..........................................................................................................12
പ്രളയം.......................................................................................................13
കൂട്ടുകാരേ................................................................................................14
നിങ്ങൾകറിയാമോ......?.........................................................................15
മുഹബ്ബത്ത്...............................................................................................16
ഒന്നാം തെങ്ങിലെ കിളി...........................................................................18
നമ്മുടെ ദൈവം.......................................................................................19
കബീർ എന്ന സാമൂഹ്യപ്രവർത്തകൻ.....................................................20
ഗുരുവും ശിഷ്യനും...................................................................................21
എൻെറ വിദ്യാലയം..................................................................................22
എന്റെ നാട്...............................................................................................23
അമ്മ.........................................................................................................24
കുസൃതി ചോദ്യങ്ങൾ..............................................................................25
കൊക്കുകളും പാമ്പും..............................................................................26
ഒരു ഓർമ്മപ്പെടുത്തൽ............................................................................28
Jawaharlal Nehru (1889-1964)...............................................................31
CHRISTMAS WORD BOARD.................................................................33
Cricket Quiz.............................................................................................34
MOTHER TERESA...................................................................................35
The story of science..................................................................................36
CLASSICAL DANCE...............................................................................37
Life............................................................................................................38
My Father..................................................................................................39
STATES, CAPITALS,POPULATION AND AREA....................................40
കടപ്പാട്......................................................................................................41



LISINA J
Headmistress

# സന്ദേശം

ആരംഭകാലം മുതൽ തന്നെ
വിദ്യാർത്ഥികളുടെ സർഗശേഷിയെ
പ്രോത്സാഹിപ്പിക്കുന്ന ഇടങ്ങളാണ്
വിദ്യാലയങ്ങൾ. ഇതിനായി സ്കൂൾ മാഗസിനുകൾ
പ്രധാന പങ്കുവഹിക്കുന്നു. ഇന്ന് പൊതു
വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ
ഭാഗമായി കേരളത്തിലെ സ്കൂളുകളെല്ലാം
ഹൈടെക്കായി മാറിയിരിക്കുന്ന ഈ
കാലഘട്ടത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ
കാലഘട്ടത്തിന്റെ തന്നെ ആവശ്യമാണ്.
Little Kites ന്റെ നേതൃത്വത്തിൽ
പുറത്തിറക്കുന്ന ഈ ഡിജിറ്റൽ
മാഗസീൻ നമ്മുടെ
വിദ്യാർത്ഥികളുടെയും
അധ്യാപകരുടെയും സർഗശേഷിയെ
പ്രോത്സാഹിപ്പിക്കുന്ന ഇടമാകട്ടെ എന്ന്
ഞാൻ ആശംസിക്കുന്നു.
എല്ലാവിധ
ഭാവുകങ്ങളും
നേരുന്നു.

# എഡിറ്റോറിയൽ


## ഒരു മിന്നലിന്റെ ജന്മമാകണം

ഒരു വ്യക്തി എത്ര കാലം ഈ ലോകത്തിൽ ജീവിച്ചു എന്നതിന് യാതൊരു പ്രസക്തിയുമില്ല. അയാളെങ്ങനെ ജീവിച്ചു എന്നതിനാണ് പ്രാധാന്യം. ഒരു മൂലയ്ക്ക് ആർക്കും ശല്യമില്ലാതെ ഒതുങ്ങിയിരിക്കുന്ന ഒരുവനെ ഒരു പക്ഷേ സമൂഹം നല്ലവനെന്ന് പ്രശംസിച്ചേക്കാം. എന്നാൽ ആ വ്യക്തിയെ കൊണ്ട് ആർക്കെന്ത് പ്രയോജനം. ഈ ഭൂമിയിൽ നാം ജീവിച്ചിരുന്നു എന്നതിന് എന്തെങ്കിലും തെളിവുകളവശേഷിപ്പിച്ചുകൊണ്ടു കടന്നു പോയ വ്യക്തികളനേകമുണ്ട്. ഒരു പക്ഷേ അവർ അധികകാലം ജീവിച്ചിരുന്നിട്ടുണ്ടാവില്ല. ഒരു മിന്നലിനെപ്പോലെ ചുറ്റും പ്രകാശം പരത്തിക്കൊണ്ട് പെട്ടെന്ന് അപ്രത്യക്ഷരാകുന്ന ചിലരുണ്ട്. ജീവിച്ചത്രയും കാലം കഴിയുന്ന നന്മ ചെയ്ത് കടന്നു പോയ അവരുടെ മഹത്വത്തിന്റെ പ്രകാശം എന്നും നിലനില്ക്കുക തന്നെ ചെയ്യും... അതെ, നമ്മുടെ ജീവിതങ്ങളും മിന്നലിന്റെ ജന്മങ്ങളാകണം. നാം ആയിരിക്കുന്ന അവസ്ഥയിൽ, കഴിയുന്ന നന്മ ചെയ്ത് കടന്നു പോകാൻ കഴിയണം. ഇതാകട്ടെ ഈ പുതുവർഷത്തിലെ നമ്മുടെ പ്രതിജ്ഞ.

**ആന്റ്സൺ**

Std. 9 B

# സമയം



നാളെ നാളെയാവട്ടെ
ചിന്തിക്കുന്ന നാമെന്നും
എത്തുന്നില്ല നമ്മളുടെ
നാളെയെത്തുകില്ലൊരിക്കലും

കൈവിട്ടുപോയോരുപക്ഷിയെ
പിടിക്കാമെന്നാകിലും
പറന്ന പോയൊരാ സമയം
തിരികെ ലഭിക്കുകില്ലെന്നറിവൂ നാം

നാളത്തെ ജോലി
ഇന്ന തന്നെ ചെയ്യുക
ഇന്നത്തെ ജോലി
ഇപ്പോളും മടിയാതെ

സമയത്തിന്റെ വിലയറിയാതെ
നഷ്ടമാക്കരുതേ നാളുകളേറെ
ഭൂതലത്തിലെ നമുക്കുള്ള
വിലയേറിയതാം നാളുകളെ

- അലൻ സെവ്വർ

Std : IX

# നീയും...... ഞാനും

കാർമേഘമായ് നീയണഞ്ഞിടുമ്പോൾ
പീലി വിരിച്ചാടും മയിലാണു ഞാൻ

മഴത്തുള്ളിയായി നീ മാറിടുമ്പോൾ

മഴകാത്തിരിക്കുന്ന വേഴാമ്പൽ ഞാൻ

സാഗരമായ് നീ വളർന്നിടുമ്പോൾ

ഒഴുകി ലയിക്കും പുഴയാണു ഞാൻ

സൂര്യകിരണം നീയാകുമെങ്കിൽ

അതിനൊപ്പമുയരുന്ന ബാഷ്പമീഞാൻ

ഒരു പുഷ്പമായി നീ മാറുമ്പോഴോ

അതിനുള്ളിലലിയും സുഗന്ധമീഞാൻ

ഒരു മധുകണമായ് നീ മാറിടുകിൽ

തേനിൽ നിറയും മധുരമീ ഞാൻ

സംഗീതമായി നീയൊഴുകിയാലോ

ശ്രുതിയായി ലയമായിച്ചേർന്നിടും ഞാൻ

പ്രപഞ്ചത്തിലേക്കു നീയലിയുമ്പൊഴോ

അതിനുള്ളിൽ ചേരുന്ന ഓം ആകും ഞാൻ.

ട്രീസ ജെസ്സി .കെ .എഫ് .

അധ്യാപിക

# ഫുട്ബോൾ ക്വിസ്



*1. 2018 - ലെ FIFA വേൾഡ് കപ്പ് നേടിയ ടീമേത്?*

*ഉ. ഫ്രാൻസ്*

*2. 2018 - 'FIFA THE BEST' പുരസ്കാരംനേടിയതാര്?*

*ഉ. ലൂക്കാ മോഡ്രിച്ച്*

*3. ഈ വർഷത്തെ 'ആഫ്റിക്കൻ ഫുട്ബോളർക്കുള്ള' പുരസ്കാരം നേടിയതാര്?*

*ഉ. മുഹമ്മദ് സലാ*

*4. ക്രിസ്ത്യാനോ റൊണാൾഡോ നിലവിൽ കളിക്കുന്ന ക്ലബ് ഏത്?*

*ഉ. യുവെന്റസ്*

*5. 2018 – ലെ FIFA വേൾഡ് കപ്പിൽ രണ്ടാം സ്ഥാനം നേടിയ ടീമേത്?*

*ഉ. ക്രൊയേഷ്യ*



സാൽഫിൻ എം . എസ്

Std: IX

# കടംകഥകൾ

1. *വെടിപ്പൊത്തിൽ തീക്കട്ട*

   *(ഉ) **കാതിൽതോട***

2. *കാട്ടിലിറ്റിറ്റ ചോര*

   *(ഉ) **മഞ്ചാടിക്കുരു***

3. *കിട്ടാൻ വിഷമം , കളയാൻ എളുപ്പം*

   *(ഉ) **സൽപ്പേര്***

4. *കാള കിടക്കും കയറോട്ടം*

   *(ഉ) **മത്തൻ***

5. *കുളിച്ചു വരുമ്പോൾ മെലാക ചൊറി*

   *(ഉ) **പപ്പടം***

6. *കുളിച്ചു വരുമ്പോൾ മെയ്യിൽ പുളകം*

   *(ഉ) **പപ്പടം***

7. *കുത്തുന്ന മൂരിക്ക് പിന്നിൽ കയർ*

   *(ഉ) **വിരലുകൾ***

8. *കുറ്റിക്കാട്ടിൽ കരടിക്കുട്ടി*

   *(ഉ) **പേൻ***

9. *കുറ്റിക്കാട്ടിൽ കൊയ്ത്തരിവാൾ*

   *(ഉ) **ചന്ദ്രൻ***

10. *കുഞ്ഞി മുറ്റത്തഞ്ചു മൂരിക്ക്*

    *(ഉ) **വിരലുകൾ***

11. *കൊയ്ത്തു കൊയ്ത്തു നെയ്ത്തിനു പോയി, കൊയ്ത്ത കുറ്റി മേയാൻ പോയി:*

    ***(ഉ) ചെമ്മരിയാട്***

12. *കേശവന്റെ വയറ്റിൽ ആശാരിച്ചെക്കന്റെ തുള്ളക്കളി:*

    ***(ഉ) തൈരുകടയുക***

13. *ചില്ലിത്തുഞ്ചത്താടിത്തൂങ്ങി പഞ്ചാര പൈങ്കിളി മേവുന്നു:*

    ***(ഉ) കശുമാങ്ങ***

14. *ചുവന്നമേനനി,ചുവന്നക്കുപ്പായം;പച്ചയ്യെക്ക്'രിയും വെന്താൽ മധുരിക്കും:*

    ***(ഉ) സവോള***

15. *ശാശാ പോട്ടിൽ രക്തനക്കല്ല്:*

    ***(ഉ) കാതിൽ കമ്മൽ***

16. *സുന്ദരനെങ്കിലുമൊറ്റക്കണ്ണൻ:*

    ***(ഉ) കുന്നിക്കുരു***

17. *കാട്ടിലമ്മയ്ക്ക് തലയിൽ ഗർഭം:*

    ***(ഉ) പന***

18. *കുളത്തിൽ മുള്ളില്ലാ മത്സ്യം:*

    ***(ഉ) നാവ്***

19. *കുഞ്ഞി പരലുകൾ തുള്ളിത്തുള്ളി:*

    ***(ഉ) അരിത്തിളയ്ക്കുക***

20. *വാലിന്മേൽ നറുങ്ങരി:*

    ***(ഉ) ചിതൽ***

**സമ്പാദകർ :**

***അസ്ലം കെ .എസ് & അലൻ ക്രിസ്റ്റിയൻ സൈമൺ***
***Std: 9A***

# ചിന്ത



ചിന്തകളെ ക്കുറിച്ച്

ചിന്തിച്ചു ചിന്തിച്ച്

അന്തമില്ലാതായപ്പോൾ

ഞാനും,

ചിന്തകനായോന്നൊരു

സംശയം......

ഇനിയെത്ര ചിന്തകൾ

ഞാനറിയാതെ

എന്നിൽ നിറയുമെന്ന്

ചിന്തിച്ചപ്പോൾ

ഉറപ്പായി; ഞാനൊരു

ചിന്തകനായെന്ന്.......

***ഷെയ്ക്ക് ഇസ്മായിൽ അജ്മൽ***
***Std 9 C***

# ഗുരു



അറിവിൻ നിറകുടമായിരിക്കണം
അജ്ഞാനാന്ധകാരത്തെയകറ്റണം
ക്ഷമതൻ പര്യായമായി, ദയാലുവായി പരിലസിക്കണം

ശിഷ്യർതൻ ഹൃദയത്തെയറിഞ്ഞ്
അവർ തൻ ഹ്രദയത്തിൽ വാസമുറപ്പിക്കണം
തെറ്റായ കാര്യങ്ങൾ ച്ചൂണ്ടിക്കാണിക്കണം
നീതിതൻ ഭാഗത്ത് നിന്നിടേണം

എന്നുമെന്നും പഠിതാവാകണം
നൂതന കാര്യങ്ങൾ സ്വായത്തമാക്കണം
പ്രാർത്ഥനാശ്രൂപിയിൽ നിറഞ്ഞ്
ശിഷ്യരോടൊത്തായിരിക്കണം

മാർഗദർശിയാം ഗുരുവിന്
ശിഷ്യർ തൻ മനസ്സിൽ മരണമില്ല.

**സിസിലി സി. ജെ.**

***അധ്യാപിക***

# പ്രളയം



ഏതോ മനസ്സിൻെറ നൊമ്പരമെന്ന പോൽ
അണപൊട്ടി ചൊരിഞ്ഞു മഴ മേഘം
ആർത്തിരമ്പി യെത്തി വെള്ളപ്പൊക്കം

കരയറിയതെ ഒഴുകി അരുവിയാറുകൾ
വിങ്ങിപ്പൊട്ടി അണക്കെട്ടുകൾ
അമ്മയാം ഭുമി കണ്ണുനീരിലാണ്ടു

മക്കളാം മനുഷ്യർ അഭയത്തിനായലഞ്ഞു
മാമലകൾ ഇടിഞ്ഞിറങ്ങി നിലം പൊത്താറായ്
രാവറിയാതെ പകലറിയാതെ ആർത്തു–

പെയ്തു മഴമാരി വിനാശത്തിനായ്
മാനവർ ദുരിതത്തിലാണ്ടു മുങ്ങി
പ്രാണനെ നിലനിർത്തിലാനാവൻ
ക്രൂരമേലേറിയിട്ടും മാരി ശമിച്ചതില്ല

*സ്നേഹ അഗസ്റ്റിൻ*
*Std 6B*



# ക്രൂട്ടുകാരേ

*മഴ ചൊരിഞ്ഞു പുഴ കവിഞ്ഞു*

*പുഴ കടക്കാൻ തോണി വേണം*

*പുതിയ തോണി തുഴഞ്ഞു പോവാൻ*

*തുണവരുമോ കൂട്ടുകാരേ*

*കഥ പറയും കൂട്ടുകാരേ*

*കവിത മൂളും കൂട്ടുകാരേ*

അശ്വിൻ ജോസഫ്

Std:IX

# നിങ്ങൾകറിയാമോ......?

(1) *ലോകത്തിലെ ഏറ്റവും വലിയ നദി ?*
*(2) "വെള്ളുത്ത സ്വർണ്ണം" എന്നറിയപ്പെടുന്ന കാർഷിക വിള ?*
(3) *"ചുവപ്പ് സ്വർണ്ണം"എന്നറിയപ്പെടുന്ന കാർഷിക വിള ?*
*(4) ലോകത്തിലെ എറ്റവും നീളം ക്കൂടിയ നദി ?*
*(5) "പച്ച സ്വർണ്ണം" എന്നറിയപ്പെേടുന്ന കാർഷിക വിള ?*
(6) *എറ്റവും ദൈർഘ്യം കുടിയ വർഷമുള്ള ഗ്രഹം ?*
*(7) "ഏഴുമലകളുടെ നാട" എന്നറിയപ്പെടുന്നത് ?*
*(8) എറ്റവും ദൈർഘ്യം കുറഞ്ഞ വർഷമുള്ള ഗ്രഹം ?*
(9) *"ഏഴു മലകളുടെ നഗരം" എന്നറിയപ്പെടുന്നത് ?*
*(10) "വലിയ ചുവന്നപൊട്ട് " കാണപ്പെടുന്ന ഗ്രഹം ?*
(11) *നട്ടല്ലിൽ മരുന്നു ഉക്കിവച്ച ശേഷം എടുക്കുന്ന എക്സ്റേ ?*
(12)ശുദ്ധ രക്തകുഴലുകളിൽ മരുന്നു കുത്തിവച്ച ശേഷം എടുക്കന്ന എക്സ്റേ ?
*(13)ഭൂമിയുടെ അപരൻ എന്നറിയപ്പെടുന്ന ആകാശഗോളം ?*

*<u>ഉത്തങ്ങൾ</u>*

*1)ആമസോൺ*
*2)കശുവണ്ടി*
*3)കുങ്കുമപ്പൂവ്*
*4)നൈൽ*
*5)വാനില*
*6)നെപറ്റ്യൂൺ*
*7)ജോർദ്ദാൻ*
*8)ബുധൻ*
*9)റോം*
*10)വ്യാഴം*
*11)മൈലോഗ്രാം*
*12)ആൻജിയോഗ്രാം*
*13)ടൈറ്റൻ*

***സമ്പാദകർ :***

***ലിജോഷ് &എമിൽ ജോൺ***

# മുഹബ്ബത്ത്



*ആൾക്കൂട്ടത്തിനിടയിൽ കണ്ട ഒരു*
*സുന്ദര മുഖം ..... ആരാണെന്നറിയാനുള്ള-*
*നെഞ്ചിൻെറ വിതുമ്പൽ....മനസ്സിൽ വേറൊന്നുമില്ലാതെ-*
*അവളുടെ പിന്നലെ പൊകുന്ന എൻ മനസ്സ്....*

*എൻെറ ആഗ്രഹവും ഇഷ്ടവും ആ മുഖത്തോട്... പറയാനും*
*പങ്കുവയ്ക്കാനുമുള്ള കൊതി....*
*എൻ പ്രിയയെ കാണാനുള്ള കൊതി...*

*ജോഷ്വ & അദ്നാൻ*

# ഒന്നാം തെങ്ങിലെ കിളി



ഒന്നാം തെങ്ങിൻമേൽ
ഒരു മടലോലമേൽ
ഒരായിരം കിളി കൂടുവച്ചു
തങ്കൊത്തി തങ്കൊത്തി
തന്നിലിണ കൊത്തി
ദേഷ്യപ്പെട്ട കിളി
പാറിപ്പറന്നുപോയ്
പോയ കിളിയുമേ വന്നീലാ
തേടിപ്പോയ കിളിയുമേ വന്നീലാ
വാ കിളി പൊൻകിളി
മുട്ടിനമേൽ ചെങ്കിളി
വൈരാപുരം കിളി
വാതിൽ തുറ കിളീ

*അസ്ലം കെ. എസ്*
*Std: IX*

# നമ്മുടെ ദൈവം



നമ്മുടെ ദൈവം എനിക്കായി

കുറെ കാര്യങ്ങൾ  നൽകിയിരിക്കുന്നു

എല്ലാ ദൈവവും ഒന്നു തന്നെ

മനുഷ്യർ ഒന്നായാൽ മതി

നമ്മൾ മനുഷ്യർ വെറും മണ്ണാണ്

നമ്മൾ ഒരിക്കലും ദൈവത്തെക്കാൾ

വലിയവൻ അല്ല

നമ്മൾ ദൈവത്തെ പ്പോലെ ജീവിക്കണം

അന്നാൽ ജീവിതം ധന്യമാകും

**അശ്വവിൻ &സെറ്റഫിൻ**

# കബീർ എന്ന സാമൂഹ്യപ്രവർത്തകൻ

ഭക്തിപ്രസ്ഥാനത്തിലെ പ്രമുഖനായിരുന്ന കബീറിൻെറ ദോഹകൾ. അതിൽ പ്രധാനപെട്ടതാണ് അർഥവത്തായ ഈരടികൾ, ഒരേ മണ്ണു കൊണ്ടുണ്ടാക്കിയ രണ്ടു പാത്രങ്ങളാണ് ഹിന്ദുവും മുസ്ലിമും എന്ന് ഓർമിപ്പിച്ച അദ്ദേഹം ഹിന്ദുമതവും ഇസ്ലാംമതവും തമ്മിൽ സാഹോദര്യ ബന്ധം വളർത്താൻ ശ്രമിച്ചു. എല്ലാ ജാതിക്കാരെയും മതസ്ഥരെയും ഒന്നിപ്പിക്കുന്ന സ്നേഹത്തിൻെറ മതം പ്രചരിപ്പിക്കലായിരുന്നു കബീറിൻെറ ലക്ഷ്യം. ജാതി, മതം, വർണം, കുടുംബം,തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തെ കബീർ ശക്തമായി എതിർത്തു. ജാതിവ്യവസ്ഥയെയും തൊട്ടുകൂടായ്മയെയും ശക്തമായി എതിർത്ത കബീർ മാനവിക ഐക്യത്തിന് ഊന്നൽ നൽകി.

*അസ്ലം കെ.എസ്*

# ഗുരുവും ശിഷ്യനും

ഗുരുവു ശിഷ്യനും കൂടിയാണ് യാത്രപുറപ്പെട്ടത്. അന്നേയ്ക്കുള്ള ഭിക്ഷ നേടുകയായിരുന്നു ലക്ഷ്യം. നടന്ന് നടന്ന് അവർ ഒരു ഗ്രാമത്തിലെത്തി. ഒരു പ്രത്യേകതരം സ്വഭാവക്കാരായിരുന്നു അവിടുത്തെ ആൾക്കാർ. ആർക്കും ഒന്നും കൊടുക്കില്ല. ദാനവും ധർമ്മവും, എന്തെന്നുപ്പോലും അവർക്ക് അറിഞ്ഞുകൂട. ഭിക്ഷക്ക് പല വീട്ടിലും ചെന്നു, എല്ലാവരും മുഖം തിരിച്ചു. ചിലർ പടിവാതിൽ കൊട്ടിയടച്ചു. ചുരുക്കത്തിൽ ആരും ഒന്നും കൊടുത്തില്ല. ദാഹിച്ചാൽ വെള്ളം പോലും കൊടുക്കില്ല, പട്ടിണിതന്നെ ആയിരുന്നു. അങ്ങനെ വിഷമത്തോടെ ആ ഗ്രാമം കടന്നപ്പോൾ, ഗുരു തിരിഞ്ഞു നിന്ന് അനുഗ്രഹിച്ചു-" ഈ ഗ്രാമം നീണാൾ പുലരട്ടെ", ശിഷ്യൻ അൽഭുതത്തോടെ ഗുരുവിനെ നോക്കി. പക്ഷെ ഒന്നും ചോദിച്ചില്ല. പിന്നെ അവർ മറ്റൊരു ഗ്രാമത്തിലേക്ക് യാത്രയായി. മൂന്നാമത്തേതിൽ നിന്ന് വളരെ വിപരീതമായിരുന്നു അവിടുത്തെ സ്ഥിതി. ഓരോരുത്തരും അവരെ ആദരവോടെ സ്വീകരിച്ചു. അവർ പറഞ്ഞു-"വരൂ ഇരിക്കൂ കുടിക്കാൻ എന്താണ് വേണ്ടത്, അൽപ്പം വിശ്രമിച് കഴിഞ്ഞിട്ടാവാം ഭക്ഷണം. അങ്ങനെ അങ്ങനെ, ജനം അവരെ സൽക്കാരം കൊണ്ട് വീർപ്പ്മുട്ടിച്ചു. ചെല്ലുന്നേടത്തെല്ലാം ഹാർദമായ സ്വീകരണം. പക്ഷേ ഗ്രാമം വിട്ടപ്പോൾ ഗുരു ശപിക്കുകയാണുണ്ടയത് "ഈ ഗ്രാമം നശിച്ചു പോകട്ടെ". എന്നിട്ട് ഇത് ലോകത്തിൻെറ നാനാ ഭാഗത്തും തെറിച്ചു വിഴട്ടെ. 'നിന്ദിച്ചവരെ അനുഗ്രഹിക്കുകയും സത്കരിച്ചവരെ ശപിക്കുകയും ചെയ്തുതു കണ്ടപ്പോൾ ശിഷ്യന് ആകെ പരിഭ്രമമായി . അയാൾ വളരെ വിനയത്തോടെ ചോദിച്ചു 'ഗുരോ ഒരു സംശയം . നമുക്കു ദാഹിച്ചു വെള്ളം പോലും തരാത്തവരെ അങ്ങ് അനുഗ്രഹിക്കുകയും എല്ലാ തലത്തിലും ആദരിച്ചവരെ ശപിക്കുകയും ചെയ്തു. എന്താണിതിൻെറ പൊരുൾ. 'ശിഷ്യാ, ഇതിൽ ഗൂഢാർഥമൊന്നുമില്ല. ആദ്യത്തെ ഗ്രാമക്കാർ അവിടെത്തന്നെ പുലർന്നു നശിക്കണം. എങ്ങും വ്യാപിക്കരുത് ആ സംസ്കാരം. രണ്ടമത്തെ കൂട്ടർ നല്ലവരാണ്. അവർ ലോകത്ത് എല്ലായിടത്തും ഉണ്ടാവേണ്ടവരല്ലേ ? അവരുടെ വിശിഷ്ടമായ സംസ്കാരം ആണ് ലോകത്തിനു വേണ്ടത്. നോക്കൂ അനുഗ്രഹത്തിനും ശാപത്തിനും ഇവിടെ വിപരീതാർത്ഥമാണ് '. ഗുരുവിൻെറ മറുപടി കേട്ട് ശിഷ്യൻ കാല്ക്കൽ നമസ്കരിച്ചു.

***മരിയ ജോർജ്.***

***Std: IX***

# എൻെറ വിദ്യാലയം

അമ്മതൻ കൈ പിടിച്ച്അക്ഷരമുറ്റത്ത്
ഓടികളിക്കുന്നൊരുണ്ണിയാം ഞാൻ
വിദ്യാലയത്തിൽ നിന്നും ഞാൻ

നന്മതൻ പാഠങ്ങളൊക്കെപഠിച്ചും
അക്ഷരമാം ലോകത്തിൽ നിന്നു ഞാൻ
സകല സ്വപ്നങ്ങളും നെയ്തു കൂട്ടി ഞാൻ

എന്റെ സുഖദുഃഖങ്ങളിന്റെ നല്ല
സ്നേഹിതയാണെന്റെ വിദ്യാലയം
എൻ സഹപാഠികളുമായോരു കാലം
ഇനി വരുമോ എന്റെ ജീവിതത്തിൽ .?.

*അമൽ ആന്റണി*



# എന്റെ നാട്

കേരവൃക്ഷങ്ങളാൽ പുഞ്ചിരി
തൂകും എന്റെ നാട് മലയാളനാട്
ഹരിത ശോഭയാൽ വിളങ്ങീടും
എന്റെ നാട് മലയാള നാട്

നാടിൻതനതു കാലങ്ങളാൽ
ശോഭിതമാകും എന്റെ നാട്
പാട്ടിൻ മധുരസ്വരങ്ങളുരുവീടും
എന്റെ നാട് മലയാളനാട്

ധീര യോദ്ധാക്കൾ ജനിച്ചതും-
വളർന്നതും എന്റെ ഈ നാട്ടിൽ
സത്യം,ധർമ്മം,നീതി വിളങ്ങീടും
എന്തു മനോഹരമാണ് എന്റെ നാട്.

***–എമിൽ ജോൺ.***

# അമ്മ

അമ്മ നമ്മുടെ ചൂടാണ്
അമ്മ നമ്മുടെ കൈത്താങ്ങാണ്
അമ്മ നമ്മുടെ ആദ്യഗുരുവാണ്
അമ്മ നമ്മുടെ ന്യായാധിപയാണ്
അമ്മ നമ്മുടെ ദൈവവുമാണ്
അമ്മയോടൊപ്പം ലയിച്ചീടാം
അമ്മയോടൊപ്പം നിന്നീടാം
ജീവിതകാലംമുഴുവനും നിന്നീടാം
അമ്മയാണ് നമ്മുടെ ജീവനും ജീവിതവും

ലിജോഷ്

# കുസൃതി ചോദ്യങ്ങൾ

1) തറയ്ക്കാൻ പറ്റാത്ത ആണി എന്ത് ?

2) ഒരുക്കലും മുട്ടയിടാത്ത കിളി എന്ത് ?

3) കൂട്ടാൻ ഉപയോഗിക്കാത്ത ഇല ?

4) മലയാളികൾക്ക് പ്രിയപ്പെട്ട വേലി ?

5) മദർ തെരേസക്ക് പ്രിയപ്പെട്ട വനം?

6) ആർക്കും വേണ്ടാത്ത സുഖം ?

7) ഒരിക്കലും കേൾക്കാൻ പറ്റാത്ത സുഖം ?

8) മനുഷ്യൻ കഴിക്കാൻ ഇഷ്ടപ്പെടുന്ന ചെടി ?

9) പോലീസുകാർക്ക് ഏറ്റവും പ്രിയപ്പെട്ട റെസ്റ്റ് ?

10) വണ്ടിയോടിക്കുവാൻ പറ്റാത്ത പാലം ?

ഉത്തരങ്ങൾ

1.ബിരിയാണി
2.ബസ്സിലെ കിളി
3.തേയില
4.മാവേലി
5.സേവനം
6.ആസുഖം
7.നിശ്ബദം
8.പച്ചടി
9.അറെസ്റ്റ്
10.മൂക്കിന്റെ പാലം

***by Eric and Ashwin***

# കൊക്കുകളും പാമ്പും



ഒരിക്കൽ ഒരു കുളത്തിൽ കുറച്ച് കൊക്കുകളും അതിനടുത്തുള്ള മാളത്തിൽ ഒരു പാമ്പും താമസിച്ചിരുന്നു. പാമ്പ് എപ്പോഴും ആ കൊക്കുകളെ ശല്യം ചെയ്തിരുന്നു. കൊക്കുകൾ മുട്ടയിട്ടതിനു ശേഷം വെള്ളം കുടിക്കാൻ പോയ തക്കം നോക്കി പാമ്പ് മുട്ടയെടുത്ത് വയറ്റിലാക്കി. ഇങ്ങനെയിരിക്കെ കൊക്കുകളെല്ലാം ഒരുമിച്ചുകൂടി പാമ്പിൻെറ ശല്യം എങ്ങനെയെങ്കിലും അവസാനിപ്പിക്കണം എന്ന് തീരുമാനമെടുത്തു. അതിനായി അവർ ആലോചിച്ച് ഒരു സൂത്രം കണ്ടെത്തി. പിറ്റേ ദിവസം പാമ്പ് കാണാതെ പാമ്പിന്റെ മാളത്തിന് മുമ്പിൽ നിന്ന് കീരിയുടെ മാളത്തിനടുത്തു വരെ ചെറിയ മീനുകൾ നിരത്തിവച്ചു അതിനുശേഷം കൊക്കുകൾ കുളത്തിലേക്കിങ്ങി മാറി നിന്നു. മാളത്തിൽ നിന്ന് പുറത്തിറങ്ങിയ പാമ്പ് മീനുകളെ കണ്ടു. ആരുമില്ലാത്ത തക്കം നോക്കി പാമ്പ് മീനുകളെ തിന്നുവാൻ തുടങ്ങി ഓരോന്നായി വിഴുങ്ങി വിഴുങ്ങി മുന്നോട്ടു പോയി. പെട്ടെന്ന് എന്തോ ശബ്ദം കേട്ടു. കൊക്കുകൾ വരുന്നതാണെന്നു കരുതി തൊട്ടടുത്ത് കണ്ടമാളത്തിൽ കയറി ഒളിച്ചു. അത് കീരിയുടെ മാളമാണെന്ന് പാമ്പ് അറിഞ്ഞിരുന്നില്ല പെട്ടെന്ന് ശബ്ദം കേട്ട് തിരിഞ്ഞുനോക്കിയപ്പോൾ കീരിയേ കണ്ടു. പാമ്പിനെ കണ്ട കീരി ചീറിയടുത്തെത്തി. പെട്ടെന്നായതിനാൽ പാമ്പിന് എതിർത്തു നിൽക്കാൻ കഴിഞ്ഞില്ല. നിമിഷ നേരം കൊണ്ടു കീരി പാമ്പിനെ കൊന്നു. പാമ്പിൻെറ കഥ കഴിഞ്ഞതോടെ കൊക്കുകൾക്ക് സമാധാനമായി. സന്തോഷത്തോടെ അവർ മീൻ കൊണ്ടുവന്ന് തങ്ങളുടെ ജീവൻ രക്ഷിച്ച കീരിക്ക് കൊടുത്ത് നന്ദി പറഞ്ഞു.

*സാൻഡ്രോ,സുജിൻ*






Painting by: Geofrin K.J
Std 8A

# ഒരു ഓർമ്മപ്പെടുത്തൽ

മുകിലേ  നിന്റെ നീർമിഴി തുളുമ്പുന്നുവോ,
നിന്നാർദ്ര നയനങ്ങൾ വിതുമ്പുന്നുവോ,
നിൻ മുഖമിരുളുമ്പോളെന്തേ,
എൻ മനവുമെന്തിനോ തേങ്ങുന്നു.

അജ്ഞാത ദുഃഖത്തിന്നിരുളിമയിലെ
ശോകമൂകമാമന്തരീക്ഷത്തിൽ
ക്ഷുഭിതമാം ഗഗനത്തിന്നട്ടഹാസത്തിൽ
നടുങ്ങി വിറയ്ക്കവേ

പ്രകൃതിയുടെ മന്ദസ്മിതമൊരോർമയായ്
മഴക്കാലമേഘങ്ങളന്ന രിപുക്കളായ്
മനവും തനുവും ഹർഷോന്മാദപുളകിതമാക്കുമാ,
ഗതകാല വർഷസുന്ദരിതൻ നടനമെങ്ങ്


വർഷസുന്ദരി....ഹർഷസുന്ദരിയൊരു താടകയായ്
അവളുടെ താണ്ഡവനടനം തുടരവേ
കീഴ്മേൽ മറിഞ്ഞൂ ഭൂതല
അവളുടെ  ചുവടുകളിലമർന്നൂ സർവ്വതും

മനുഷ്യാ നീയിനിയെങ്കലുമുണരൂ
മാനുഷികത്വത്തെ മുറുകെ പുണരൂ
ഞാൻ....ഞാനെന്ന വൽമീകത്തിനു പുറത്തിറങ്ങൂ
വിശാവിശാലതയിങ്കലലിയൂ.

***ഫിലോമിന ആന്റണി.***
***അധ്യപിക***


English

# Word puzzle




## ANSWERS

1.Cow
2.Ostrich
3.Bat
4.Rabbit
5.Hen
6.Fish
7.Elephant
8.Parrot
9.Cheeta
10.Ant
11.Turtle

## Clues

1) I give milk , I am a mammal. - STRAIGHT
2) I am a the fastest bird. - DOWN
3) I am a mammal I can fly. - LEFT
4) I am white I live in hole - RIGHT
5) I am a bird , I lay eggs but I can't fly high. - STRAIGHT
6) I live in water. - LEFT
7) I am the biggest animal in the land. - DOWN
8) I am a bird,I am green in colour. - RIGHT
9) I am the fastest animal in land. - LEFT
10) I carry 10 times of my weight. - DOWN
11) I am slow and I have a shell on my back. - RIGHT

# Jawaharlal Nehru (1889-1964)



Jawaharlal Nehru the mighty freedom fighter and the first prime minister of India was born on November 14,1889 in Allahabad, New Delhi. He was the son of Swaruprani and Motilal Nehru, a wealthy lawyer and a prominent leader of Indian independence movement. The Nehru family belonged to the Saraswad Brahmim caste. He was also known as Pandit Nehru due to his roots with the Kashmir Pandit community while Indian children knew him as Chacha Nehru (Uncle Nehru) and his birthday was conducted as children's day . He was died of heart attack in New Delhi in May 27, 1964.

*Aslam K.S*
*Std : IX*



***Drawing by: Wilfin Thomas D'silva***
***Std : 7B***

# CHRISTMAS WORD BOARD

*1.Santa's little helpers ?*
*2.They pull Santa's sleigh ?*
*3.The red-nosed reindeer ?*
*4.Santa's vehicle ?*
*5.Santa's real name ?*
*6.An old name for Christmas season?*
*7.Silent------- holy -------[popular Christmas carol] ?*
*8.The month in which Christmas is celebrated ?*
*9.In Australia, Christmas is celebrated through during ?*
*10.A sock filled with goodies on Christmas day ?*
*11.Well-known snow man ?*

*ANSWERS*

*1.Elves 2.Reindeer 3.Rudolph 4.Sleigh 5.Nicholas 6.Yuletide 7.Night 8.December 9.Summer 10.Stockings 11.Frosty*

*by Eric and Ashwin*

# Cricket Quiz

1. Which player scored highest number of centuries  in international matches?
2. Who won the golden bat in ICC champion trophy 2013?
3. Who won the ICC world cup in 2007?
4. Which term has won an ICC world cup.50 over,ICC T20 world cup champions trophy?
5. Which spinner has taken 700 wicket in test cricket ?
6. Which team won the ICC  T20 world cup in 2012?
7. Who won  the Asian cup 2012?
8. *Which player got the ICC award for good player of 2013?*
9. Which team has won the IPL 2013?
10. Which player got the ICC award for good player of 2012?

.

*ANSWERS*



1. *Sachin Ramesh Tendulkar*
2. *Rhawan*
3. *Australia*
4. *India*
5. *Shane Warne*
6. *West India*
7. *Pakistan*
8. *Amla*
9. *Mumbai Indians*
10. *Viratkohli*


# MOTHER TERESA



Mother Teresa was born in Yugoslavia on 27th August 1910. She helped the poor and the needy. She is known as the saint of the twentieth century. She was the messenger of god on earth . She was christened Agnes . When Agnes was nine , her father died. Diana her mother an ordinary house wife,had to look after the family . She started to earn her living by tailoring wedding dresses and doing embroidery. Agnes was eighteen when *she decided to spend her life doing service to God. Mother Teresa received the Nobel Prize in 1979 and Bharat Rathna in 1980. She received many national and international awards too.*

*Painting by :Geofin K.J*
*Std 8A*

# The story of science




*Sir Issac Newton is one of the most influenced scientist. In 1687, newton published the book "Principles". In it he describes universal gravitation and the three laws of motion, concept that remained at force front of science for centuries after. His famous law of universal gravitational attraction between bodies with mass , the earth and moon. Newton was known to have said that his work on the theory of gravitation was inspired by watching an apple fall from a tree !.*

*By Amal Antony*

# CLASSICAL DANCE



*KATHAKALI :*

*It is a classical dance form Kerala. The word Kathakali means story play. During drama dancers do not speak. The hand movements and mime are so varied as to constitute a complete sign language.*




*KATHAK :*

*It is a classical dance of North india. Kathak is derived from the word katha, meaning'' the art of story telling.''*

*BHARATANATYAM :*



*It is one of the oldest dance form of India. It has its root in the classical dance tradition of Tamil Nadu.*



*MOHINIATTAM :*

*It is a dance form of Kerala. Mohiniattam has a beautiful feminine style with surging flow of body movements. It is developed in the tradition of Devadasi system.*

*By Eric John Rozario*

# Life

Life is like a stream. It flows with mistakes, happiness, sadness, luck, celebrations, love etc. Life is like a journey. It has an ending. In this journey beautiful inspirations are given by our most loveable persons.

Life is beautiful when we respect parents and praying to god. In life there will be intimate persons to help. Therefore a relation wanted with god in life. In life we want to help people,to encourage friends,respect parents,to love our most loved ones and give respect to god.

by

Ronack&lijosh

# My Father

*FATHER IS MY NATION*

*MY FATHER IS MY FIRST MASTER*

*FATHER IS MY GOD*

*FATHER IS MY SOUL AND*

*MY INSPIRATION*

*FATHER IS  MY FIRST HERO*

*FATHER IS MY LIFE AND*

*MY MOST INTIMATE*

*LOVEABLE PERSON*

*STEPHIN & ASHWIN*

# STATES, CAPITALS,POPULATION AND AREA

| STATE | CAPITALS | POPULATION | AREA {In sq. km} |
|---|---|---|---|
| Andhra Pradesh | Hyderabad | 4, 93, 86, 068 | 1, 60, 205 |
| Arunachal Pradesh | Itanagar | 13, 82, 611 | 83, 743 |
| Assam | Dispur | 3, 11, 69, 272 | 78, 438 |
| Bihar | Panta | 10, 40, 99, 637 | 84, 546 |
| Chhattisgarh | Raipur | 2, 55, 40, 169 | 135, 194 |
| Goa | Panaji | 14, 57, 723 | 3, 702 |
| Gujarat | Gandhinagar | 6, 03, 83, 628 | 1, 96, 024 |
| Haryana | Chandigarh | 2, 53, 53, 081 | 1, 35, 194 |
| Himachal Pradesh | Shimla | 68, 56, 509 | 55, 673 |
| Jammu& Kashmir | Srinagar | 1, 25, 48, 926 | 2, 22, 236 |
| Jharkhand | Ranchi | 3, 29, 66, 238 | 89, 331 |
| Karnataka | Bengaluru | 6, 11, 30, 704 | 191, 791 |
| Kerala | Thiruvananthapuram | 3, 33, 87, 677 | 38, 863 |
| Madhya Pradesh | Bhopal | 7, 25, 97, 565 | 3, 08, 000 |
| Maharashtra | Mumbai | 11, 23, 72, 972 | 3, 07, 713 |
| Manipur | Imphal | 27, 21, 756 | 22, 327 |
| Meghalaya | Shillong | 29, 64, 007 | 22, 429 |
| Mizoram | Aizawl | 10, 91, 014 | 21, 081 |
| Nagaland | Kohima | 19, 80, 602 | 16, 579 |
| Odisha | Bhubneshwar | 4, 19, 47, 358 | 1, 55, 707 |
| Punjab | Chandigarh | 2, 77, 04, 236 | 50, 362 |
| Rajasthan | Jaipur | 6, 86, 21, 012 | 3, 42, 239 |
| Sikkim | Gangtok | 6, 07, 688 | 7, 096 |
| Tamil Nadu | Chennai | 7, 21, 38, 958 | 1, 30, 058 |
| Telangana | Hyderabad | 3, 51, 93, 978 | 1, 14, 840 |
| Tripura | Agartala | 36, 71, 032 | 10, 486 |
| Uttarakhand | Dehra Dun | 1, 01, 16, 752 | 53, 484 |
| Uttar Pradesh | Lucknow | 19, 95, 81, 477 | 2, 40, 928 |
| West Bengal | Kolkata | 9, 13, 47, 736 | 88, 752 |

# കടപ്പാട്

ഈ മാഗസിൻ തയാറാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർക്കും മാർഗനിർദേശം നൽകിയ H.M ലിസിന മിസ്സിനും എന്റെ എല്ലാ അദ്ധ്യാപകർക്കും ഒരായിരം നന്ദി!

**ആന്റ്സൺ**

Std. 9 B

